# ഉയിർപ്പുകാലം
## വചന വിചിന്തനം
### ഉയിർപ്പുകാലം ഏഴാം ഞായർ
മർക്കോ 16,9-20

> വചനത്തെ വചനത്താൽ
> സ്ഥിരീകരിക്കുന്ന കർത്താവ്!
> "നിങ്ങൾ ലോകമെങ്ങും പോയി
> എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ"
> എന്ന ദൗത്യത്തെ ക്രിസ്തുനാഥൻ
> വചനത്താൽ സ്ഥിരീകരിക്കുകയാണ്...

"നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" എന്ന പ്രേഷിതദൗത്യം ശിഷ്യൻമാർക്ക് സമ്മാനിക്കുകയും ഏൽപ്പിച്ച ദൗത്യത്തെ വചനം കൊണ്ട് സ്ഥിരീകരിക്കുകയും ചെയ്യുന്ന കർത്താവിന്റെ മുഖമാണ് വചഭാഗം. ക്രിസ്തുനാഥാൻ തന്റെ സ്വർഗ്ഗാരോഹണത്തിന് മുമ്പ് തന്റെ ശിഷ്യന്മാരെ ഭരമേൽപ്പിച്ച ദൗത്യം;

"നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16, 15).

*വചനം പ്രസംഗിക്കുന്നവരോടു കൂടെ ക്രിസ്തു പ്രവർത്തിക്കുകയും അടയാളങ്ങൾകൊണ്ടു വചനം സ്ഥിരീകരിക്കുകയും ചെയ്യുന്നു...*

സുവിശേഷം പ്രസംഗിക്കുക എന്നത് നിന്റെ ജീവിതദൗത്യമാണ്. ഈ ലോകത്ത് വച്ച് നിന്നെ ഭരമേൽപ്പിക്കുന്ന ഏറ്റവും വലിയ ദൗത്യമാണിത്; പ്രേഷിതദൗത്യം. വി.പൗലോ സ്ശ്ലീഹ തന്റെ റോമക്കാർക്കെഴുതിയ ലേഖനത്തിൽ കുറിച്ച് വയ്ക്കുന്നു;

"സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം!" (റോമ 10,15).

വചനം പ്രസംഗിക്കുന്നത്, ജീവിക്കുന്നത് ഇത്രമാത്രം സുന്ദരമാണെങ്കിൽ, അനുഗ്രഹദായകമാണെങ്കിൽ ഈ ദാനത്തിന് ഞാനും അർനാകേണ്ടിയിരിക്കുന്നു. ഇത്തരം സുന്ദരമായ പാദങ്ങൾ ഉള്ളവർക്കുമാത്രമായിരിക്കണം സ്വർഗ്ഗരാജ്യത്ത് പ്രവേശനം. ക്രിസ്തുനാഥൻ പറയുന്നത് വചനം പ്രസംഗിക്കുന്നവരുടെ ദൗത്യത്തെ കുറിച്ച് മാത്രമല്ല. മറിച്ച്, വചനം സ്വീകരിക്കുന്നവരുടെ ദൗത്യത്തെ കുറിച്ചും പഠിപ്പിക്കുന്നുണ്ട്. വചനം കേൾക്കുന്നവർ മാത്രമാകാതെ വചനം ജീവിക്കുന്നവർ ആണെങ്കിൽ മാത്രമാണ് രക്ഷിക്കപ്പെടുക എന്ന് ക്രിസ്തു ഉറപ്പ് തരുന്നു. വചനം ജീവിക്കാൻ അടിസ്ഥാനപരമായി വചനത്തെ വിശ്വാസത്തോടുകൂടെ സ്വീകരിക്കുകയാണ് ചെയ്യേണ്ടത്. ഇത് തന്നെയാണ് ക്രിസ്തു തുടർന്ന് പങ്കുവയ്ക്കുന്നത്;

"വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (മർക്കോ 16,16).

എങ്ങനെയാണ് വചനം വിശ്വാസത്തോടുകൂടെ സ്വീകരിക്കുക? എന്തൊക്കെയാണ് വിശ്വാസത്തോടുകൂടെ വചനം സ്വീകരിക്കുന്നവരുടെ കൂടെയുള്ള അടയാളങ്ങൾ? ഇതു ക്രിസ്തു കുറിച്ച് വയ്ക്കുന്നുണ്ട്;

1. അവർ എന്റെ നാമത്തിൽ പിശാചുക്കളെ ബഹിഷ്കരിക്കും.
2. അവർ പുതിയ ഭാഷകൾ സംസാരിക്കും.
3. അവർ സർപ്പങ്ങളെ കൈയിലെടുക്കും.
4. അവർ മാരകമായ എന്തു കുടിച്ചാലും അത് അവരെ ഉപദ്രവിക്കുകയില്ല.
5. അവർ രോഗികളുടെമേൽ കൈകൾ വയ്ക്കും; അവർ സുഖം പ്രാപിക്കുകയും ചെയ്യും.

ഈ അഞ്ച് അടയാളങ്ങളിൽ മൂന്നെങ്കിലും ഉണ്ടെങ്കിൽ അവർ വചനം വിശ്വാസത്തോടു കൂടെ സ്വീകരിക്കുന്നവരാണ് എന്നല്ല. മറിച്ച്, ഈ അഞ്ച് അടയാളങ്ങളിൽ അഞ്ചും ഉണ്ടെങ്കിൽ മാത്രമാണ് വചനം വിശ്വാസത്തോടുകൂടെ സ്വീകരിച്ചിരിക്കുന്നത്. ഈ അഞ്ച് അടയാങ്ങളെ മുന്നിൽ വച്ച് ജീവിതത്തെ വിലയിരുത്തുക. ഇതിൽ ഏതെങ്കിലുമൊക്കെ ഗുണങ്ങൾ സ്വന്തമാക്കാൻ സാധിച്ചിട്ടുണ്ടോ? പലപ്പോഴും, വചനം പങ്കുവയ്ക്കുന്നതിൽ വലിയ വാചകകസറത്തുകൾ നടത്തുന്നവരാണ് നാം. എന്നിട്ടും, ഇതിൽ പലഗുണഗണങ്ങളും സ്വന്തമാക്കുന്നതിൽ നാം പരാജയപ്പെട്ടുപോകുന്നുണ്ട്.

ഒരിക്കൽ പെന്തകുസ്തക്കാരുടെ ശല്യം രൂക്ഷമായപ്പോൾ ഒരു വീട്ടുക്കാർ വികാരിയച്ചനെ സമീപിച്ച് കാര്യം പറഞ്ഞു;

"അച്ചോ, ജീവിക്കാൻ പറ്റാതെയായി. ഇനി ഞങ്ങൾ വല്ല കടുംകൈ ചെയ്യണം. അല്ലെങ്കിൽ നാടുവിട്ടുപോകണം."

അച്ചൻ കഥയറിയാതെ അന്തം വിട്ടുപ്പോയി. വികാരിയച്ചൻ അവരെ വിളിച്ചിരുത്തി കാര്യം അന്വേഷിച്ചു; "എന്താണ് സംഭവം?"

അവർ കഥയാകെ പറഞ്ഞു;

"അച്ചനറിയാമല്ലോ, ഞങ്ങൾ അത്രവലിയ വിശ്വാസികളൊന്നുമല്ലെങ്കിലും എല്ലാദിവസവും പള്ളിയിൽ വരുന്നുണ്ട്. കുടുംബപ്രർത്ഥനയും ചൊല്ലുന്നുണ്ട്. അത്യാവശ്യം വചനപാരായണവും കുടുംബകൂട്ടായമയിലും പങ്കെടുക്കുന്നുണ്ട്. പക്ഷെ, ഇതല്ല പ്രശ്നം... ദിവസവും രണ്ടും മൂന്നും പ്രാവശ്യം പെന്തകുസ്തക്കാർവന്ന് ഞങ്ങൾ ചെയ്യുന്നത് ശരിയല്ലയെന്നും, വിശ്വാസം ഇങ്ങനെയല്ലാ ജീവിക്കേണ്ടതും എന്ന് പറഞ്ഞ് പൊറുതി തരുന്നില്ല. ഇനിയെന്ത് ചെയ്യുമെന്ന് അറിയില്ല. അച്ചൻ ഒരു പരിഹാരം ചെയ്യണം."

അച്ചൻ കുറച്ച് നേരം ആലോചിച്ചിട്ട് പറഞ്ഞു;

"സാരമില്ല... ഒരു കാര്യം ചെയ്യ്; ഇനി അവർ വരുമ്പോൾ ആദ്യമേ പറയുക, 'ഞങ്ങൾക്ക് വിശ്വാസമില്ല. നിങ്ങളെങ്കിലും വിശ്വാസത്തിൽ വളർന്നതിൽ സന്തോഷം.' എന്നിട്ട്, വി.മർക്കോസിന്റെ സുവിശേഷം 16-ാം അധ്യായം 14 മുതൽ 18 വരെയുള്ള വാക്യങ്ങൾ വായിക്കാൻ പറയുക. അതിന ശേഷം, ഒരു ഗ്ലാസ് പച്ചവെള്ളമെടുത്ത് അവരുടെ മുമ്പിൽ വച്ചിട്ട് പറയുക; "വിശ്വാസത്തോടെ വചനം സ്വീകരിച്ചവർ മാരകമായ എന്തു കുടിച്ചാലും അത് അവരെ ഉപദ്രവിക്കുകയില്ല എന്നാണ് വചനം പറയുന്നത്. ഇത് ഒരു ഗ്ലാസ് വിഷമാണ്. ഇത് കുടിച്ച് നിങ്ങൾ വിശ്വാസത്തോടെ സ്വന്തമാക്കിയ വചനം സ്ഥിരീകരിക്കുക" എന്ന്.

അച്ചന്റെ ഉപദേശവും കേട്ട് വീട്ടിലെത്തിയ അവരെ സ്വീകരിച്ചത് പതിപ്പോലെതന്നെ പന്തകുസ്തക്കാരായിരുന്നു. പതിവിന് വിപരീതമായി വലിയ സന്തോഷത്തോടെ വീട്ടുക്കാർ പന്തകുസ്തക്കാരെ സ്വഭവനത്തിലേയ്ക്ക് സ്വീകരിച്ചു. അതിനുശേഷം, അവർ പറയുന്നതെല്ലാം കേട്ടതിനുശേഷം, വികാരിയച്ചൻ പറഞ്ഞതുപ്പോലെ വചനം വായിപ്പിച്ചതിനുശേഷം, ഒരുഗ്ലാസ് വെള്ളമെടുത്ത് വികാരിയച്ചൻ പറഞ്ഞുതന്നതുപ്പോലെ പറഞ്ഞു. പറഞ്ഞ് തീർന്ന് കണ്ണടച്ച് തുറന്നപ്പോൾ പെന്തകുസ്തക്കാർ ഇരുന്ന സ്ഥലത്ത് ആട് കിടന്ന സ്ഥലത്ത് പൂട പോലുമില്ല എന്ന് പറഞ്ഞുതുപ്പോലെയായി. അവർ ഓടിയ വഴിയിൽ പുല്ലുപ്പോലും മുളച്ചിട്ടില്ല എന്നു പറയുന്നതാണ് സത്യം!

ഒരുപക്ഷെ, ഇതു കേൾക്കുമ്പോൾ തോന്നും, ഈ അടയാളങ്ങൾ ആർക്കു സ്വന്തമാക്കാൻ സാധിക്കുമെന്ന്. പക്ഷെ, ഈ അടയാളങ്ങൾ സ്വന്തമാക്കിയ ഒരുപാട് വ്യക്തികളെ വചനം പരിചയപ്പെടുത്തുന്നുണ്ട്. അതിനുള്ള ഏറ്റവും നല്ല ഉദാഹരണം വി.പൗലോസ് ശ്ലീഹായുടെ ജീവിതത്തിൽ നിന്ന് വ്യാഖ്യാനിക്കുന്നത് ഇപ്രകാരമാണ്.

തന്നെ പീഢിപ്പിക്കുന്നവരിൽ നിന്ന് രക്ഷപ്പെട്ട മാൾട്ടയിലെത്തിയ പൗലോശ്ലീഹ മാൾട്ട നിവാസികൾക്ക് അപരിചിതരെങ്കിലും സ്ഥലവാസികൾ അവരോട് അസാധാരണമായ കാരുണ്യം കാണിച്ചു. മഴക്കാലം വന്നുചേർന്നിരുന്നതുകൊണ്ടും തണുപ്പായിരുന്നതു കൊണ്ടും അവർ തീ കൂട്ടി അവർ വി.പൗലോസ്ശ്ലീഹായെയും കൂട്ടാളികളെയും സ്വാഗതം

രക്ഷിക്കപ്പെടുന്നത് സ്നാനം സ്വീകരിക്കുന്നവരല്ല. മറിച്ച്, വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവരാണ്...

ചെയ്തു. കുറച്ച് കഴിഞ്ഞപ്പോൾ തീയുടെ ഊക്കം കൂട്ടുന്നതിനായി പൗലോസ് കുറെ ചുള്ളിക്കമ്പുകൾ പെറുക്കിയെടുത്തു തീയിലിട്ടു. അപ്പോൾ ഒരു അണലിപ്പാമ്പ് ചൂടേറ്റു പുറത്തുചാടി, അവന്റെ കൈയിൽ ചുറ്റി. പാമ്പ് അവന്റെ കൈയിൽ തൂങ്ങിക്കിടക്കുന്നതുകണ്ട് നാട്ടുകാർ പരസ്പരം പറഞ്ഞു;

"ഈ മനുഷ്യൻ ഒരു കൊലപാതകിയാണെന്നതിനു സംശയമില്ല. അവൻ കടലിൽനിന്നു രക്ഷപെട്ടെങ്കിലും ജീവിക്കാൻ നീതി അവനെ അനുവദിക്കുന്നില്ല."

ഇതുകേൾക്കുന്ന പൗലോസ് ശ്ലീഹ ക്രിസ്തുവിന്റെ വചനത്തെ മുറുകെ പിടിക്കുകയാണ്. അവൻ പാമ്പിനെ തീയിലേക്കു കുടഞ്ഞിട്ടു; അവന് അപകടമൊന്നും സംഭവിച്ചുമില്ല. പക്ഷെ, ഈ കാഴ്ച്ച കണ്ടിരുന്നവർ കരുതുന്നത് അവൻ നീരുവന്നു വീർക്കുകയോ പെട്ടെന്നു വീണു മരിക്കുകയോ ചെയ്യുമെണ്. പക്ഷെ, ഏറെനേരം കഴിഞ്ഞിട്ടും അവന് അത്യാഹിതമൊന്നും സംഭവിക്കുന്നില്ലെന്നു കണ്ടപ്പോൾ അവർ അഭിപ്രായം മാറ്റുകയും അവൻ ഒരു ദേവനാണെന്നു പറയുകയും ചെയ്തു. ഇതേതുടർന്ന് ദ്വീപിലെ പ്രമാണിയായ പുബ്ളിയൂസിന് ആ സ്ഥലത്തിനടുത്തെത്തി അവരെ സ്വീകരിച്ച് മൂന്ന് ദിവസത്തേക്ക് ആതിഥ്യം നൽകി (അപ്പ് 28, 1-8). ഇതുകൊണ്ടാണ് വി.പൗലോസ് ശ്ലീഹ കുറിച്ച് വയ്ക്കുന്നത്;

"ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക്, അവിടുന്നു സകലവും നൻമയ്ക്കായി പരിണമിപ്പിക്കുന്നുവെന്നു" (റോമ 8,28).

ഉയർത്തെഴുന്നേറ്റ മിശിഹ രണ്ട് കാര്യങ്ങൾക്കാണ് തന്റെ പ്രിയശിഷ്യന്മാരെ വിമർശിക്കുകയും കുറ്റപ്പെടുത്തുകയും ശാസിക്കുകയും ചെയ്യുന്നത്. "ഉയിർപ്പിക്കപ്പെട്ടതിനുശേഷം തന്നെ കണ്ടവരെ വിശ്വസിക്കാത്തതു നിമിത്തം അവരുടെ വിശ്വാസരാഹിത്യത്തെയും ഹൃദയകാഠിന്യത്തെയും അവൻ കുറ്റപ്പെടുത്തി" (മർക്കോ 16,14). കർത്താവ് അധികം വെറുക്കുന്ന തിന്മ ഏതാണെന്നു ചോദിച്ചാൽ അതിന്റെ പേര് വിശ്വാസരാഹിത്യവും ഹൃദയകാഠിന്യവുമാണ്. വിശ്വാസരാഹിത്യം ദൈവത്തോടാണെങ്കിൽ ഹൃദയകാഠിന്യം സഹോദരങ്ങളോടാണ്. ചുരുക്കത്തിൽ, വിശ്വാസരാഹിത്യവും ഹൃദയകാഠിന്യവും നമ്മിൽ നിറഞ്ഞ് നിൽക്കുമ്പോൾ നാം ദൈവത്തോടും സഹോദരങ്ങളോടും പാപം ചെയ്യുന്നു.

ക്രിസ്തുനാഥൻ അന്നും ഇന്നും എന്നും ശിഷ്യഗണത്തിന് നൽകുന്ന പ്രേഷിത ദൗത്യം; "നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ..."

**"മൂഢനായ മനുഷ്യാ,**
**പ്രവൃത്തികൾകൂടാതെയുള്ള വിശ്വാസം**
**ഫലരഹിതമാണെന്നു നിനക്കു തെളിയിച്ചുതരേ തുണ്ടോ?"**
യാക്കോ 2,20

---

ഫാ. ജോബി മേനോത്ത്
+91 9447777931